അനുബന്ധം എച്ച് 4

<u>നോട്ടീസ്</u>

ശ്രീ.മുഹമ്മദ് കോലോത്ത്, ഓഫീസ് അറ്റൻഡന്റ്, ഐ.സി.ഡി.എസ് മഞ്ചേശ്വരം, താങ്കൾക്കെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ അടങ്ങിയ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി കൊണ്ടുള്ള അറിയിപ്പ് 29/04/2022 തീയതിയിലെ SJD/803/2022-E5 നം കത്ത് പ്രകാരം വനിതാശിശുവികസന വകുപ്പ് ഡയറക്ടർ മുഖേന താങ്കൾക്ക് അയച്ചു നൽകിയിട്ടുള്ളതും, കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾസ്, 1960-ലെ റൂൾസ് 15 പ്രകാരം താങ്കൾക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാതിരിക്കുവാൻ കാരണമെന്തെങ്കിലുമുണ്ടെങ്കിൽ താങ്കളുടെ രേഖാമൂലമുള്ള വിശദീകരണം സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ താങ്കൾക്കെതിരെയുള്ള കാരണം കാണിക്കൽ നോട്ടീസും, കുറ്റപത്രവും അടങ്ങിയ കവർ തപാൽ അധികാരികൾക്ക് താങ്കൾക്ക് വിതരണം ചെയ്യാൻ സാധിക്കാതെ പോസ്റ്റൽ ഡിപ്പാർട്ട്മെന്റിൽ നിന്നും തിരികെ ലഭ്യമായതായി വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ കൃത്യം 15 ദിവസത്തിനുള്ളിൽ താങ്കളുടെ രേഖാമൂലമുള്ള വിശദീകരണം, ആരോപണങ്ങൾക്കെതിരെ ബോധിപ്പിക്കേണ്ട കാര്യങ്ങൾ, രേഖാമൂലമുള്ള പ്രതിരോധ പ്രസ്താവനയോ മറ്റ് വിശദീകരണമോ ലഭിച്ചില്ലെങ്കിൽ, താങ്കൾക്ക് ടി വിഷയത്തിന്മേൽ കൂടുതൽ ഒന്നും ബോധിപ്പിക്കാൻ ഇല്ലായെന്ന് അനുമാനിച്ച് താങ്കൾക്കെതിരേയുള്ള അച്ചടക്കനടപടി തുടരുന്നതാണ്.

കുറ്റാരോപണ പത്രികയുടേയും കുറ്റപത്രത്തിന്റേയും പൂർണ്ണമായ രൂപം താങ്കൾക്ക് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന ദിവസങ്ങളിൽ (കലണ്ടർ അവധി ദിവസങ്ങൾ ഒഴികെ) രാവിലെ 10.15 നും 05.15 നും ഇടയിലുള്ള സമയം ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്, അഞ്ചാം നില, വികാസ് ഭവൻ തിരുവനന്തപുരം പക്കൽ നിന്നും അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ലഭ്യമാകുന്നതാണ്.

Signed by
Arun S Nair
Date: 20-02-2025 01:06:43

Dr ARUN S NAIR IAS
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ
സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്,
അഞ്ചാം നില, വികാസ് ഭവൻ,
തിരുവനന്തപുരം.

സ്വീകർത്താവ്
മുഹമ്മദ് കോലോത്ത്,
മനയിൽ ഹൗസ്,
തങ്കയം, തൃക്കരിപ്പൂർ.പി.ഒ,